<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098</u> <u>27-07-2021 - ൽ മറുപടിയ്ക്ക്</u>

<u>ഐ. എച്ച്. ആർ. ഡി. കോളേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി. കോളേജുകൾ പ്രവർത്തിക്കുന്നതിന് യു. ജി. സി. മാനദണ്ഡപ്രകാരം ആവശ്യമായ സ്ഥലം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | യു.ജി.സി. മാനദണ്ഡപ്രകാരം കോളേജുകൾക്ക് അഫിലിയേഷനുവേണ്ടി മെഗാസിറ്റികളിൽ 1.5 ഏക്കർ സ്ഥലവും, മെട്രോപൊളിറ്റൻ സിറ്റികളിൽ രണ്ടേക്കർ സ്ഥലവും മറ്റ് നഗരങ്ങളിൽ 5 ഏക്കർ സ്ഥലവുമാണ് നിഷ്കർഷിട്ടുള്ളത്. |
| (ബി) | ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും മറ്റ് സൗകര്യങ്ങളും ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും കെട്ടിടങ്ങളും ഇല്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു :- 1. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി 2.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുത്തൻവേലിക്കര 3.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന 4.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം 5.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, നാദാപുരം 6. മോഡൽ കോളേജ്, മീനങ്ങാടി 7.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അട്ടപ്പാടി 8.ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മല്ലപ്പള്ളി |
| (സി) | ഇവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവയുടെ വിവരം ലഭ്യമാക്കുമോ; | (സി) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും കെട്ടിടങ്ങളും ഇല്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു :- 1. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി 2.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുത്തൻവേലിക്കര 3.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന 4.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം 5.കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, നാദാപുരം 6. മോഡൽ കോളേജ്, മീനങ്ങാടി 7.കോളേജ് ഓഫ് അപ്ലൈഡ് |

| | | | |
|---|---|---|---|
| | | | സയൻസ്, അട്ടപ്പാടി 8.ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മല്ലപ്പള്ളി |
| (ഡി) | പ്രസ്തുത കോളേജുകൾ തുടർന്നും നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഐ.എച്ച്.ആർ.ഡി.യുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്ഥാപനങ്ങൾക്കായി ഭൂമി വില കൊടുത്ത് വാങ്ങുവാൻ സാധിക്കുകയില്ല. ആയതിനാൽ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ. മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും സഹായത്തോടെ സർക്കാർ ഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ സൗജന്യമായി ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. |
| (ഇ) | വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | ഐ.എച്ച്.ആർ.ഡി.യുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്ഥാപനങ്ങൾക്കായി ഭൂമി വില കൊടുത്ത് വാങ്ങുവാൻ സാധിക്കുകയില്ല. ആയതിനാൽ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ. മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും സഹായത്തോടെ സർക്കാർ ഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ സൗജന്യമായി ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ